(ബി) ഹൈക്കോടതി വിധി സ്റ്റേ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവോ;

(സി) സുപ്രീം കോടതി മുമ്പാകെയുള്ള കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) കാരായ്മ കുടിയാന്മാരുടെ കാര്യത്തിൽ ഹൈക്കോടതി വിധിയെ തുടർന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി 20-8-2003-ലെ ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു എന്നാൽ 28-2-2005-ലെ ഉത്തരവിൻ പ്രകാരം ബഹു. സുപ്രീം കോടതി സർക്കാർ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ തള്ളിക്കളഞ്ഞു.

വൈദ്യുതി ബന്ധം വിച്ഛേദിച്ച വില്ലേജാഫീസുകൾ

16 [2181] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് യഥാസമയം അടയ്ക്കാത്തതുമൂലം തിരുവനന്തപുരം ജില്ലയിലെ ബഹുഭൂരിപക്ഷം വില്ലേജാഫീസുകളിലും വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക ഇനത്തിൽ റവന്യൂ വകുപ്പ് എത്ര രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട വില്ലേജാഫീസുകളിൽ അത് അടിയന്തിരമായി പുനഃസാഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-12-2004 വരെ 5,90,477 രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി എഴുപത്തി ഏഴ് രൂപ).

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ഇ.ബി.-യിലേയും റവന്യൂ വകുപ്പിലേയും ഉദ്യോഗസ്ഥർ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യിൽനിന്നും 2,73,23,672 രൂപ റവന്യൂ വകുപ്പിന് ലഭിക്കാനുള്ള സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കാനും വിച്ഛേദിച്ചവ പുനഃസ്ഥാപിക്കാനും ബോർഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ സ്വരൂപിച്ച ഭൂനികുതി

17 [2182] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സ്വരൂപിച്ച ഭൂനികുതിയുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഭൂനികുതി പിരിച്ചെടുക്കുന്നതിൽ ഗൗരവമായ കാലവിളംബം ഉണ്ടാകുന്നതായും, അതുകാരണം ഭീമമായ നികുതി കുടിശ്ശിക ഉണ്ടാകുന്നതായും സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഭൂനികുതി സമയബന്ധിതമായി പിരിച്ചെടുക്കുവാൻ സർക്കാർ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സാമ്പത്തികവർഷം കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പിരിവ് സമ്പൂർണ്ണമാക്കാൻ കഴിയുമെന്നുറപ്പ് വരുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷങ്ങളായി സ്വരൂപിച്ച ഭൂനികുതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം		*ആകെ തുക (ലക്ഷത്തിൽ)*
2001-02	..	2090.74
2002-03	..	2292.81
2003-04	..	2560.89
		6944.44

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly